(ഇ) ഉണ്ട്. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലായെന്ന പരാതികൾ ഉയർന്നുവന്നതായ കേസുകൾ ജില്ലാ ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇത്തരത്തിൽ 112 കേസുകൾ സംസ്ഥാനത്തെ ജില്ലാ ക്രൈംബ്രാഞ്ചുകൾ അന്വേഷിക്കുന്നുണ്ട്.

**തീരദേശ സുരക്ഷ മുൻകരുതൽ നടപടികൾ**

20 (*470) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ യാനങ്ങൾ സംസ്ഥാന സമുദ്രാതിർത്തിയിൽ പ്രത്യക്ഷപ്പെടുകയും ഒരെണ്ണത്തെ പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ തീരദേശ സുരക്ഷാ കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി തീരദേശവാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അവരുടെ സുരക്ഷയ്ക്കായി വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട അധികൃതർക്ക് കൈമാറുന്നതിനുള്ള ബോധവൽക്കരണവും ഉപകരണങ്ങളും നൽകുന്ന കാര്യം പരിഗണിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംശയകരമായ സാഹചര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള യാനങ്ങളോ മറ്റെന്തെങ്കിലുമോ സംസ്ഥാന സമുദ്രാതിർത്തിയിൽ കാണപ്പെട്ടാൽ ഉടൻതന്നെ അവയെ കസ്റ്റഡിയിൽ എടുക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിന് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, മത്സ്യബന്ധന വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്ന് സംസ്ഥാന സമുദ്രാതിർത്തിയിൽ കാര്യക്ഷമമായ രീതിയിൽ നിരീക്ഷണം നടത്തുന്നുണ്ട്. മേൽപറഞ്ഞ വകുപ്പുകളുമായി സഹകരിച്ച് മുഴുവൻ സമയ പട്രോളിംഗ് നടത്തുകയും ഇതിനുവേണ്ട പരിശീലനത്തിന്റെ ഭാഗമായി ഒരു വർഷത്തിൽ രണ്ടുതവണ 'തീരവേട്ട' എന്ന പേരിൽ സംയുക്ത പ്രവർത്തനം നടത്താറുമുണ്ട്. കടൽ കടന്നുവരാൻ സാദ്ധ്യതയുള്ള തീവ്രവാദ പ്രവർത്തനങ്ങളിൽ നിന്നും തീരദേശ മേഖലയെ സുരക്ഷിതമാക്കുന്നതിന് എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു. തീരസുരക്ഷയുടെ സമഗ്ര ഏകോപനം ലക്ഷ്യമിട്ട് ചീഫ് സെക്രട്ടറി, നാവിക സേനയുടെ ദക്ഷിണമേഖല ഫ്ലാഗ് ഓഫീസർ കമാന്റിംഗ് ഇൻ ചീഫ് എന്നിവരുടെ സംയുക്ത അദ്ധ്യക്ഷതയിൽ ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി

LIBRARY ARCHIVES Kerala Legislative Assembly

റിവ്യൂ മീറ്റിംഗ് വർഷത്തിൽ രണ്ടുതവണ കൂടാറുണ്ട്. കേരളത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യബന്ധന നൗകകൾ തിരിച്ചറിയുന്നതിന് കളർ കോഡിംഗ് സംവിധാനം ഏർപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) തീരദേശവാസികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും സഹകരണവും നിരീക്ഷണവും ജാഗ്രതയും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിനായി കടലോര ജാഗ്രത സമിതികളും കായലോര ജാഗ്രത സമിതികളും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സമിതി അംഗങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(സി) കടലോര ജാഗ്രതാ സമിതിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന തൊഴിലാളികൾക്കും തീരദേശവാസികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സുരക്ഷാ സംബന്ധമായ അടിയന്തര സന്ദേശങ്ങൾ കൈമാറുവാൻ സമിതി അംഗങ്ങൾക്ക് സിം കാർഡുകളും റീചാർജ് സൗകര്യങ്ങളും ടോൾ ഫ്രീ നമ്പറുകളും നൽകിയിട്ടുണ്ട്.

## ആധുനിക തിയേറ്റർ സമുച്ചയങ്ങൾ

21 (*471) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കെ.എസ്.എഫ്.ഡി.സി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിനു നൽകുന്ന പ്രദേശങ്ങളിൽ ആധുനിക തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly